## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 211** **04-10-2021 - ൽ മറുപടിയ്ക്ക്**

## ജീവനക്കാരുടെ മെഡിക്കൽ റീ - ഇംപേഴ്സ്മെന്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റുമായി ബന്ധപ്പെട്ട് 31-08-2021 വരെ ലഭിച്ച എത്ര ഫയലുകൾ നിലവിൽ തീർപ്പ കല്പിക്കാനുണ്ട്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലത്തിലെ എം.ആർ. സെക്ഷനിൽ 31/08/2021 വരെ ലഭിച്ച മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റ് ഫയലുകളിൽ 1041 ഫയലുകൾ തീർപ്പാക്കാനുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പ്രത്യേകാനുമതിക്കായി സർക്കാരിലേയ്ക്ക് അയച്ചതും ആവശ്യമായ രേഖകൾ ജില്ലാ മെഡിക്കൽ ഓഫീസിൽ (ആരോഗ്യം) ആവശ്യപ്പെട്ടിട്ട് ലഭ്യമാകാത്തതിനാൽ തീർപ്പാക്കാൻ കഴിയാത്തതുമായ 93 ഫയലുകൾ എം.എച്ച്.സെക്ഷനിലും തീർപ്പാക്കാനുണ്ട്. കൂടാതെ ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ നിന്നും പ്രത്യേകാനുമതി നൽകുന്ന കാര്യത്തിൽ അഭിപ്രായത്തിനായി ലഭ്യമാക്കിയ 150 ഫയലുകളും തീർപ്പാക്കാനുണ്ട്. |
| (ബി) | ഏത് തീയതിവരെ ലഭിച്ച ഫയലുകളിലാണ് നിലവിൽ തീർപ്പ് കല്പിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റ് ബില്ലുകൾ പരിശോധിക്കുന്നതിന് നിലവിൽ 6 സെക്ഷനുകളാണ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലുള്ളത് അപേക്ഷകരുടെ പേരിന്റെ അക്ഷരമാലാ ക്രമത്തിലാണ് ഓരോ സെക്ഷനുകളും തരംതിരിച്ചിരിക്കുന്നത്. ഓരോ സെക്ഷനിലും തപാലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ബില്ലുകൾ തീർപ്പുകൽപ്പിച്ച് വരുന്നുണ്ട്. അടിയന്തിര പ്രാധാന്യമുള്ളവ മുൻഗണനാ ക്രമത്തിൽ തീർപ്പാക്കി വരുന്നു. |
| (സി) | ഏത് വിധത്തിലുള്ള ഫയലുകൾക്കാണ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അനുമതി ലഭ്യമാകേണ്ടത്; വ്യക്തമാക്കുമോ; | (സി) | കേരളത്തിലെ എല്ലാ വകുപ്പുകളിലെയും കേന്ദ്ര ജീവനക്കാരുടെയും 1 ലക്ഷം രൂപയിൽ കൂടുതലുള്ള സ്വകാര്യ ആശുപത്രി ബില്ലുകളും 2 ലക്ഷം രൂപയിൽ |

| | | | |
|---|---|---|---|
| | | | കൂടുതൽ ഉള്ള സർക്കാർ ആശുപത്രിയിലെ ബില്ലുകളുമാണ് അനുവദനീയതുക കണക്കാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിക്കുന്നത്. |
| (ഡി) | ചികിത്സാ ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അനുമതി ലഭ്യമാകേണ്ട ചികിത്സാ ചെലവ് പരിധി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും അനുവദനീയ തുക നിശ്ചയിക്കേണ്ട സർക്കാർ ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകളുടെ പരിധി 50,000/- രൂപ മുതൽ 2 ലക്ഷം രൂപവരെയായും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അനുവദനീയ തുക നിശ്ചയിക്കേണ്ട സർക്കാർ ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകളുടെ പരിധി 2 ലക്ഷം രൂപയ്ക്ക് മുകളിലുമാക്കി 06/10/2017തീയതിയിലെ സ.ഉ.(കൈ) നം.145/2017/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് സ്വകാര്യ ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകൾക്കുകൂടി ബാധകമാക്കുന്ന കാര്യത്തിൽ ധനവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |
| (ഇ) | ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റുമായി ബന്ധപ്പെട്ട് ഫയലുകൾ തീർപ്പുകൽപ്പിക്കുന്നതിന് മാത്രമായി ഫയൽ അദാലത്ത് സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | തീർപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ